**പതിനാലാം കേരളനിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1552** **03.05.2017-ൽ മറുപടിക്ക്**

**ചെറിയനാട് സ്കൂളിൽ സ്റ്റുഡന്റ് പോലീസിന് ഗ്രാന്റ് അനുവദിക്കുന്നതിനുള്ള കാലതാമസം**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ | ശ്രീ. പിണറായി വിജയൻ<br>മുഖ്യമന്ത്രി |
| (എ) സംസ്ഥാനത്ത് സ്കൂളുകളിൽ പ്രവർത്തിക്കുന്ന സ്റ്റുഡന്റ് പോലീസ് കേഡറ്റ് (എസ്.പി.സി)-ന് ഗ്രാന്റ് അനുവദിക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ചെറിയനാട് എസ്. എൻ . ഹയർ സെക്കന്ററി സ്കൂളിൽ മൂന്നു വർഷം കഴിഞ്ഞിട്ടും പ്രസ്തുത ഗ്രാന്റ് അനുവദിയ്ക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; | (ബി) & (സി) പുതിയ എയ്ഡഡ് സ്കൂളുകളിലേയ്ക്ക് സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി വ്യാപിപ്പിക്കുവാൻ 2014-15-ൽ സർക്കാർ തലത്തിൽ ഫണ്ട് അനുവദിച്ചിരുന്നില്ല. എന്നാൽ 15.07.2014-ലെ എസ്.പി.സി. ഉന്നതതല യോഗതീരുമാന പ്രകാരം എസ്.പി.സി യൂണിറ്റ് അനുവദിക്കുമ്പോൾ ആവശ്യമായി വരുന്ന ചിലവ് സ്കൂൾ അധികാരികൾ തന്നെ വഹിക്കേണ്ടതാണെന്ന വ്യവസ്ഥയിലാണ് ചെറിയനാട് എസ്.എൻ. ഹയർ സെക്കന്ററി സ്കൂൾ ഉൾപ്പെടെയുള്ള എയ്ഡഡ് സ്കൂളുകൾക്ക് എസ്.പി.സി. പദ്ധതി ആരംഭിക്കുവാൻ അന്ന് അനുവാദം നൽകിയത്. മേൽപ്പറഞ്ഞ തീരുമാനപ്രകാരം പദ്ധതി നടപ്പിലാക്കിയ സ്കൂളുകൾക്കായി ഫണ്ട് അനുവദിച്ച് നൽകുന്നതുവരെ ആവശ്യമായി വരുന്ന ചിലവുകൾ സ്കൂൾ അധികാരികൾ തന്നെ വഹിക്കേണ്ടതാണ്. |
| (സി) ഈ സ്കൂളിൽ പ്രസ്തുത ഗ്രാന്റ് എന്ന് അനുവദിയ്ക്കുമെന്ന് വ്യക്തമാക്കുമോ ? | |

സെക്ഷൻ ഓഫീസർ